## Noise Pollution (Regulation and Control) Rules, 2000 മത വ്യത്യാസമില്ലാതെ നടപ്പാക്കി സ്വഭവനങ്ങളിൽസ്വൈര്യമായിജീവിക്കാനുള്ളമനുഷ്യാവകാശം സംരക്ഷിക്കുക

Single bench Hon. Mr. Justice Shamsuddin, Hon. KHC, OP No.9560/1988 Single bench ഉത്തരവിനെതിരെ Mr. Sreekumar Varma Raja. P സമർപ്പിച്ച WA No.235/1993 ന് ലഭിച്ച Division bench Hon. Mr. Justice PK. Balasubramanyan, Hon. Mr. Justice CN. Ramachandran Nair എന്നിവരുടെ ഉത്തരവ് പ്രകാരം *"Should be implemented uniformly and without discrimination in respect of all religious institutions irrespective of whether they are Hindu, Christian or Muslim"* എന്നാണ് പറഞ്ഞിട്ടുള്ളത്. www.ail.art-artist.in >> Section-1 >> Link-12.

ആയതിനാൽ, Hon. KHC, OP No.9560/1988 Single bench Hon. Mr. Justice Shamsuddin ന്റെ ഉത്തരവനുസരിച്ച് Joint Secretary Hajmunisa Ali Akbar ഇറക്കിയ Circular No.F4/129/2017/I&PRD ൽ *"The call for prayer (Azan) in the mosque is relaxed in this case as it is one minute duration"* എന്ന് പറഞ്ഞിട്ടുള്ളത് അസാധു ആകുന്നു.

WA No.235/1993 Division bench ഉത്തരവ് വന്നതോടെ അസാധുവായ ഉത്തരവിന്റേയും സർക്കുലറിന്റേയും മറവിലാണ് സർക്കാർ, നിയമവിരുദ്ധമായി കോളാമ്പികൾ ഉപയോഗിക്കാൻ അവിഹിതമായി ചിലരെ അനുവദിക്കുന്നത് അത് പൂർണ്ണമായും തെറ്റാണ്, നിയമപരമായി ആർക്കും ഒരിളവും ആരും നൽകിയിട്ടില്ല. അതിനാൽ നിയമവിരുദ്ധ കോളാമ്പികൾ ഉപയോഗിക്കാൻ ആർക്കും അവകാശമില്ല. No.F1/11/2020/Home dtd. 30.11.2020 >> www.ail.art-artist.in >> Section-1 >> Link-32(b) പ്രകാരം എല്ലാ ആരാധനാലയങ്ങളിലും സ്ഥാപിച്ചിട്ടുള്ള കോളാമ്പികൾ ഇളക്കി മാറ്റുന്നതിന് നോട്ടീസ് നൽകാൻ എല്ലാ SHO മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് മതവ്യത്യാസമില്ലാതെ എല്ലാ ആരാധനാലയങ്ങളിലും സ്ഥാപിച്ചിട്ടുള്ള കോളാമ്പികൾ ഇളക്കിമാറ്റാൻ നോട്ടീസ് നൽകി നടപ്പാക്കണം. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്ന രീതി പ്രയോഗിച്ച് നേരിട്ടുള്ള ഇടപെടലും അനാവശ്യ ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കി നിയമം നടപ്പാക്കാം.

Noise Pollution (Regulation and Control) Rules, 2000 പ്രകാരം
(1) അധികാരിയിൽ നിന്ന് രേഖാമൂലം അനുമതി വാങ്ങാതെ ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല.
(2) രാത്രി 10 നും രാവിലെ 6 നും ഇടയ്ക്ക് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല.
(3) ആവാസമേഖലയിൽ പകൽ 55 ഡെസിബെൽ, രാത്രി 45 ഡെസിബെൽ എന്ന ശബ്ദ പരിധി ലംഘിച്ച് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല.

പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടി:
സാധാരണ സംസാരം: 30-40 ഡെസിബെൽ.
ഉച്ചത്തിലുള്ള സംസാരം: 50 ഡെസിബെൽ.
കാറുകളുടെ സാധാരണ ഹോൺ: 70 ഡെസിബെൽ.
എയർ ഹോൺ: 90-100 ഡെസിബെൽ.
വെടിപൊട്ടുന്ന ശബ്ദം: 130 ഡെസിബെൽ. എന്നിങ്ങനെയാണ്.

ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോടതികൾ, ആരാധനാലയങ്ങൾ എന്നിവയുടെ 100 മീറ്റർ ചുറ്റളവ് നിശബ്ദ മേഖലയിൽ പെടുന്നു. Kerala Gazette Notification G.O.(P) No.64/02 dtd.20.4.2002 (S.R.O.No.289/2002) >> www.ail.art-artist.in >> Section-1 >> Link-8. നിശബ്ദ മേഖലയിൽ പകൽ 50 ഡെസിബെൽ, രാത്രി 40 ഡെസിബെൽ എന്ന ശബ്ദ പരിധി ലംഘിക്കാൻ പാടില്ല.

Noise Pollution (Regulation and Control) Rules, 2000 ലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ഒരു ലക്ഷം രൂപ പിഴയോ അഞ്ച് വർഷം തടവോ രണ്ടും കൂടിയോ ആണ് ശിക്ഷ >> www.ail.art-artist.in >> Section-1 >> Link-4(a) & 9. കേസ് എടുക്കേണ്ടത് SDPO/SP/CP എന്നിവരാണ്. കൂടാതെ Kerala Police Act 77 read with 121 പ്രകാരം SI ക്കും കേസ് എടുക്കാം ഉച്ചഭാഷിണി കണ്ടുകെട്ടുകയും ചെയ്യാം >> www.ail.art-artist.in >> Section-1 >> Link-10.

ഉച്ചഭാഷിണി ശല്യത്തിനെതിരെ പരാതി നൽകാൻ Ph. 112, 1077.